


# ചുവടുകൾ

## അക്കാദമിക
# മാസ്റ്റർ പ്ലാൻ
## 2025 -2026

## ജി.വി.എച്ച്.എസ്.എസ്
## കൊയിലാണ്ടി

# ചുവടുകൾ

## അക്കാദമിക മാസ്റ്റർപ്ലാൻ
## 2025-2026



**ജി.വി.എച്ച്.എസ്.എസ് കൊയിലാണ്ടി**

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1.റവന്യൂ ജില്ല | : കോഴിക്കോട് |
| 2.സ്കൂൾകോഡ് | : 16046 |
| 3.സ്കൂളിന്റെ പേര് | : ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കൊയിലാണ്ടി |
| 4.മേൽവിലാസം | : കൊയിലാണ്ടി (പി.ഒ) കൊയിലാണ്ടി |
| 5.പിൻകോഡ് | :673305 |
| 6.ഫോൺ നമ്പർ | : 0496-2620311 |
| 7.ഇ മെയിൽ അഡ്രസ്സ് | : vadakara16046@gmail.com |
| 8.തദ്ദേശസ്വയംഭരണസ്ഥാപനം | : കൊയിലാണ്ടി |
| 9.വിദ്യാഭ്യാസജില്ല | : വടകര |
| 10.ഉപജില്ല | : കൊയിലാണ്ടി |
| 11.ക്ലാസുകൾ | : 5 മുതൽ 12 വരെ |
| 12. പഠനമാധ്യമം | : ഇംഗ്ലീഷ്, മലയാളം |

സ്കൂൾ വിക്കി QR കോഡ്





**ചു**വടുകൾ വെയ്ക്കാം.....
നല്ല നാളേയ്ക്കുവേണ്ടി.
പരിമിതികൾ കൂട്ടായ്മയിലൂടെ പരിഹരിക്കാമെന്ന
പ്രതീക്ഷയാണ് കരുത്ത്.
ഓരോ കുട്ടിയുടെയും കണ്ണുകളിൽ
സ്വപ്നങ്ങളുടെ വലിയൊരു ലോകമുണ്ടെന്ന് തിരിച്ചറിയുന്നു.
അതിനാൽ പിഴയ്ക്കാത്ത ചുവടുകൾ വേണം.
പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും വേണം.
സമയവും കാലവും ചിട്ടപ്പെടുത്തി
ഈ അധ്യയനവർഷത്തെ പ്രവർത്തനമാർഗ്ഗരേഖ
അക്കാദമിക മാസ്റ്റർപ്ലാൻ മുന്നോട്ടു വെയ്ക്കുന്നു.
നടക്കേണ്ട വഴികൾ തിരിച്ചറിഞ്ഞ് നമുക്ക് മുന്നേറാം.

ഒരുമിച്ച് ചുവടുവെയ്ക്കാം.
കലാലയത്തിന്റെ മികവിലേക്ക്.
മാറുന്ന കാലത്ത്
പാദമിടറുന്ന കുട്ടികളെ ചേർത്തുനിർത്താം.

വേർതിരിവുകളില്ലാതെ

നാം മനുഷ്യരാണെന്ന
ആത്മബോധത്തോടെ കുട്ടികൾ വളരെട്ടെ.






അതിരുകളില്ലാത്ത ആകാശം
നമുക്ക് മുന്നിലുണ്ട്.
പറന്നുയരാൻ
അറിവിന്റെ കരുത്തും
ആത്മവിശ്വസത്തിന്റെ ചിറകും
കുട്ടികൾക്ക് പകർന്നു നൽകിയാൽ മതി...



# ആമുഖം

**കേരള**ചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത ഇടമാണ് പന്തലായനി. കടൽ താണ്ടിയെത്തിയ വിദേശികൾക്ക് കവാടമായി മാറിയ ദേശം. ഈ നാടിന്റെ വിദ്യാഭ്യാസ ചരിത്രം ഗവൺമെൻറ് വൊക്കേഷൻ ഹയർ സെക്കന്ററി സ്കൂളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. 1920 കളിലാണ് മലബാർ ഡിസ്ട്രിക്ട് ബോർഡ് സ്കൂൾ എന്നറിയപ്പെട്ട  സ്കൂൾ ജന്മം കൊണ്ടത്. തുടക്കത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചിരുന്നു 1961 ലാണ് ഇത് ആൺകുട്ടികളുടെ മാത്രം സ്കൂളായി മാറിയത് . 1989 ൽ വി.എച്ച്.എസ് ഇ വിഭാഗവും 2004 ൽ പ്ലസ് ടു വിഭാഗവും ആരംഭിച്ചു. 2015 ൽ വീണ്ടും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം ലഭിച്ചു. കേരളത്തിന്റെ സാമൂഹികരാഷ്ട്രീയസാഹിത്യ മേഖലകളിൽ കഴിവുതെളിയിച്ച ഒട്ടേറെ പ്രതിഭകൾക്ക് അക്ഷരവിളിച്ചം നൽകിയ കലാലയമാണിത്. യുപി മുതൽ ഹയർസെക്കൻഡറി തലം വരെ മൂവായിരത്തോളം വിദ്യാർത്ഥികളുടെ വിജ്ഞാനകേന്ദ്രമാണിത്. നഗരമധ്യത്തിൽ തലയെടുപ്പോടെ നിൽക്കുന്ന ഞങ്ങളുടെ വിദ്യാലയം പോയ വർഷങ്ങളിലെല്ലാം എല്ലാ മേഖലകളിലും മികച്ച വിജയം കൈവരിച്ചു. ഈ മികവ് ഒരോ അധ്യായനവർഷവും നിലനിർത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധമാണ്.

പാഠപുസ്തകത്തിനപ്പുറം കലാലയത്തിന്റെ മതിൽക്കെട്ടിനപ്പുറത്ത്  സമൂഹത്തെയറിഞ്ഞ് തിരുത്തേണ്ടതിനെ തിരുത്തിയും കൊള്ളേണ്ടതിനെ കൊണ്ടും തെളിച്ചമുള്ള മനസ്സോടെ കുട്ടികൾ പാകപ്പെടേണ്ടതുണ്ട്. സംഘപ്രവർത്തനത്തിലൂടെയും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെയും ഇത് സാധ്യമാവണം. നാം തയാറാണെങ്കിൽ ഏത് ഉയരവും അസാധ്യമാവില്ലെന്ന പാഠം കുട്ടികൾ തിരിച്ചറിയണം. ഈ തിരിച്ചറിവിലേക്ക് വെളിച്ചം വീശിക്കൊണ്ട് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും സമഗ്രപുരോഗതി ലക്ഷ്യം വെച്ചു കൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് ചുവടുകൾ ആസൂത്രണം ചെയ്തിരിക്കുന്നത്.



അക്കാദമിക മാസ്റ്റർ പ്ലാൻ

# എച്ച് എസ് വിഭാഗം

# ജി വി എച്ച് എസ് എസ് കൊയിലാണ്ടി

## ഹൈസ്കൂൾ മാസ്റ്റർ പ്ലാൻ

## മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് | ജൂൺ | ശ്രീനേഷ് രജിന ശാന്തി | P T A, അധ്യപകർ |
| | | ഗൃഹസന്ദർശനം | ജുലായ് ആഗസ്റ്റ് | | P T A, അധ്യാപകർ |
| | | രക്ഷാകർത്തൃസംഗമം(ഒപ്പം) | | | |
| | | എഴുത്തുപുര ------- | | | |
| | | അക്ഷരങ്ങളിലൂടെ | | | |
| | | ചിഹ്നങ്ങൾ ചാർത്താം | | | |
| | | വാക്യങ്ങളിലേക്ക് | | | |
| | | ഭാഷകേളി കഥപറയും ചിത്രം | | | |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1 വായന നക്ഷത്രം - REALITY SHOW | സെപ്റ്റംബർ ഒക്ലോബർ നവംബർ | വിജയ, വിദ്യാലക്ഷ്മി, ബിജു | P T A, അധ്യാപകർ |
| | | 2 വായനക്വിസ് | | | |
| | | 3 ക്ലാസിൽ ഒരു വായനാനുഭവം | | | |
| | | 4 പുസ്തകോത്സവം | | | |
| | | 5 സ്കൂൾ ലൈബ്രറി പുസ്തക പ്രദർശനം | | | |
| | | 6 വിദ്യരംഗം കലാസാഹിത്യ വേദി പ്രവർത്തനം | | | |
| | | 7 ഇ വായന | | | |
| 3 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1 എഴുത്തുകൂട്ടം (എഴുതുന്ന കുട്ടികളുടെ ക്ലബ്) | 6 മാസം | | P T A, അധ്യാപകർ |
| | | 2 എഴുത്തരങ്ങ് | | | |
| | | 3 കൈയെഴുത്ത് മാസിക | | | |
| 4 | | 4വായന, പുസ്തക ചർച്ച | 3 മാസം | ശ്രീനേഷ് , ഗീത | P T A, അധ്യാപകർ |
| | | 5 വിദ്യരംഗം സാഹിത്യ വേദി പ്രവർത്തനം | | | |
| | | 6 ഇ വായന | | | |
| | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | 4 നിലവിലെ SPEAK UP ക്ലബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | | | |

**ENGLISH**

| | AIM | ACTIVITIES | DURATION | DUTY | FINANCE |
|---|---|---|---|---|---|
| 1 | TO IMPROVE LISTENING, SPEAKING, READING, WRITING SKILL | ELOCUTION, ESSAY WRITING, STORY WRITING, | JUNE TO FEBRUARY | ENGLISH TEACHERS | P T A |
| | | BOOK REVIEW | JUNE | | |
| | | POSTER MAKING | AUGUST | | |
| | | NEWS READING | OCTOBER | | |
| | | SPELLING BEE COMPETITION | JANUARY | | |
| 2 | MAKE THE CHILDREN INTERESTED IN ENGLISH FILMS | FILM FEST | NOVEMBER | | |
| 3 | HELP THE STUDENTS ACHIEVE MINIMUM LEVEL OF LEARNING | IMPLEMENTATION OF SRADHA PROJECT | JULY TO FEBRUARY | | |

## ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വായനശേഷി വർദ്ധിപ്പിക്കൽ | അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ | ജുലായ് | ഷൈജ അർച്ചന | പി ടി എ |
| | | പേര് എഴുതി പഠിക്കൽ | | | |
| 2 | തെറ്റില്ലാതെ ഹിന്ദി എഴുതാൻ | കോപ്പി എഴുതിക്കൽ, പാഠഭാഗങ്ങൾ പകർത്തിയെഴുതിക്കൽ | ആഗസ്റ്റ് | ലിസിത നാരായണൻ | |
| | | എഴുതൽ കേട്ടെഴുത്ത് | | | |
| 3 | ഹിന്ദി കേൾക്കുമ്പോൾ അർത്ഥം മനസ്സിലാകാൻ | ആഴ്ചയിൽ 10 ഹിന്ദി വാക്കുകൾ കണ്ടെത്തിഎഴുതി പഠിച്ച് വരിക, ഹിന്ദി നിഘണ്ടു തയ്യാറാക്കൽ | സെപ്റ്റംബർ | സജ്ന , ബീന | |
| 4 | ഹിന്ദി സംസാരശേഷി | ഹിന്ദി കേൾക്കാൻ I C T ഉപയോഗപ്പെടുത്തുക | | | |
| | | ക്ലാസ്സിൽ ഹിന്ദി സംസാരിക്കാൻ അവസരം സൃഷ്ടിക്കുക | ഒക്ടോബർ | അർച്ചന ഷൈജ | |
| 5 | ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുക | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | നവംബർ, ഡിസംബർ | നാരായണൻ ലിസിത | |
| 6 | നാമം, സർവനാമം , വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു | ചാർട്ടുകൾ നൽകുന്നു, അതിൽനിന്നും സർവനാമം , വിശേഷണം എന്നിവ കണ്ടത്താൻപറയുന്നു | ജനുവരി | സജ്ന ബീന | |
| 7 | സാഹിത്യാഭിരുചി വളർത്തുക | പദ്യം ചൊല്ലൽ , കഥ ,കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സപ്റ്റംബർ മുതൽ ഡിസംബർ വരെ | സജ്ന , ബീന അർച്ചന ഷൈജ ലിസിത | |

## അറബിക്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക | അറബിക് ലൈബ്രറി ശാക്തീകരണം, | ജൂൺ | ജസ്ന വി കെ | പി ടി എ, പൂർവ്വ വിദ്യർത്ഥികൾ |
| | | പുതിയ പുസ്തകങ്ങൾ ശേഖരിക്കുന്നു | | | |
| | | വായനാ മത്സരം നടത്തുന്നു | | | |
| 2 | അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മികവിലെത്തിക്കുക | പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു | ജൂൺ, ജുലായ് | ജസ്ന വി കെ | പി ടി എ അധ്യാപകർ |
| | | പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ പിന്തുണ ക്ലാസ് നൽകുന്നു | | | |
| 3 | പ്രതിഭകളെ കണ്ടെത്തൽ | വിവിധ സാഹിത്യ മത്സരങ്ങൾ നടത്തുന്നു | ജുലായ് , ആഗസ്റ്റ് | ജസ്ന വി കെ | പി ടി എ ,അധ്യാപകർ |
| | | അറബിക് സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | | |
| 4 | ദിനാചരണങ്ങൾ | വായനാ ദിന പോസ്റ്റർ രചന<br>ബഷീർ ദിന ക്വിസ്<br>ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം<br>അറബി ഭാഷാദിനാചരണവുമായി ബന്ധപ്പെട്ട് കാലിഗ്രാഫി മത്സരം | ജൂൺ ജുലൈ ഡിസംബർ | ജസ്ന വി കെ | പി ടി എ, എസ് ജി പൂർവ്വ വിദ്യർത്ഥികൾ |
| 5 | പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ യൂണിറ്റിലേയും പദങ്ങൾകൊണ്ട് നിഘണ്ടുനിർമ്മാണം | ജൂൺ – ഡിസംബർ | ജസ്ന വി കെ | പി ടി എ |
| 6 | ഭാഷയിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ | I C T സഹായത്തോടെ അറബിക് വീഡിയോകൾ, സംഭാഷണങ്ങൾ, വാർത്തകൾ ഇവയ്ക്കവസരം നൽകുന്നു. | ജുലായ്, ഡിസംബർ | ജസ്ന വി കെ | പി ടി എ ,എസ് എസ് ജി ബിആർ സി |
| | | ലാഗ്വേജ് ലാബ് രൂപീകരണം | | | |

PHYSICAL SCIENCE

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര വിഷയങ്ങൾക്ക് പഠന പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | 1)അധ്യാപകൻ കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം<br>2)വർക്ക് ഷീറ്റ് നിർമ്മാണം<br>3)ശാസ്ത്രഭിരുചി വളർത്തുന്നതിനായി പ്ലാനറ്റേറിയം പോലുള്ള സ്ഥലങ്ങളിലെ സന്ദർശനം | 1 ആഴ്ചയിൽ ഒരു ദിവസം<br>2) വർഷത്തിൽ ഒരിക്കൽ<br>3) വർഷത്തിൽ ഒരിക്കൽ | SRG<br>സയൻസ് ടീച്ചർ | 6000/- |
| 2 | ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 1)കുട്ടികൾ ശേഖരിക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ ലേഖനങ്ങൾ നൂതന ആശയങ്ങൾ കൗതുക പ്രവർത്തനങ്ങൾ തുടങ്ങിയ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 6മാസത്തിൽ ഒരു തവണ | SRG<br>സയൻസ് ടീച്ചർ | 1000/- |
| 3 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1)ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം പാഠപുസ്തകവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ അവതരണം<br>2)സ്കൂൾ ലെവൽ സയൻസ് എക്സിബിഷൻ<br>3)ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം സർവ്വേ ,അഭിമുഖം, നിരീക്ഷണം, പരീക്ഷണം | 1)വർഷത്തിൽ രണ്ടുതവണ<br>2)വർഷത്തിൽ ഒരുതവണ<br>3)വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ് | 10000/- |
| 4 | പഠനോപകരണ നിർമ്മാണ ശില്പശാല | 1)പഠനോപകരണ നിർമ്മാണത്തിൽ വിദഗ്ധരായ അധ്യാപകരെ ഉപയോഗപ്പെടുത്തിക്കൊണ്ട് 8 9 10 ക്ലാസുകളിലെ പഠനോപകരണങ്ങൾ നിർമ്മാണ ശില്പശാല നടത്തുന്നു | വർഷത്തിൽ ഒരുതവണ | SRG<br>സയൻസ് ടീച്ചർ | 5000/- |
| 5 | പ്രതിഭാധനരായ കുട്ടികളിലെ ശാസ്ത്ര അഭിരുചി പരിപോഷിക്കൽ | 1)എൻ ഐ റ്റി പോലുള്ള ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ സന്ദർശിക്കൽ<br>2)ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രഭാഷണങ്ങൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക | 1)വർഷത്തിൽ ഒരുതവണ<br>2)വർഷത്തിൽരണ്ടുതവണ | SR G സയൻസ് ടീച്ചേഴ്സ് | 5000/- |

BIOLOGY

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | *പ്രീ ടെസ്റ്റ്  ചോദ്യ നിർമ്മാണം, ടെസ്റ്റ്, മൂല്യനിർണയം<br>* പരിഹാരബോധനത്തിനായി പഠനഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ, തയ്യാറാക്കൽ, ആസൂത്രണം<br>* ആശയധാരണകൾ ഉറപ്പിക്കൽ<br>* പഠന പിന്നോക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ വിനിമയം | ജൂൺ, ജൂലായ് | ശാസ്ത്രാധ്യാപകർ | S R G |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ,ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | *Science Club രൂപീകരണവും വാർഷികപ്രവർത്തന പദ്ധതിതയ്യാറാക്കലും | ജൂൺ | അധ്യാപകർ | S M C, P T A |
| | | | യഥാസമയങ്ങളിൽ | S R G | R s 3000 |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ മെച്ചപ്പെടുത്തൽ | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ | ആദ്യ ടേം | ശാസ്ത്രാധ്യാപകർ | SSK,<br>SRG, SMC |
| 4 | അന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെവീണ്ടടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | *സ്കൂൾ ക്യാമ്പസിൽ പച്ചക്കറി തോട്ടം, ഔഷധത്തോട്ടം<br>*ശാസ്ത്രീയ നാമം, പ്രാദേശികനാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പാഠപുസ്തകമായി മാറുന്നു. | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ, കർഷകർ, SMC,  P T A |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | മാലിന്യമുക്ത ആരോഗ്യശുചിത്വവിദ്യാലത്തിലൂടെ ആരോഗ്യമുള്ള സമൂഹം | *പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>*കുട്ടികൾക്കും , രക്ഷിതാക്കൾക്കും ആരോഗ്യക്ലാസ്, വൈദ്യപരിശോധന<br>*ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യ വകുപ്പ്,I C D S മുനിസിപ്പാലിറ്റി |
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്രമേള, ലഘുപരീക്ഷണങ്ങളുടെ നിർവഹണം, മോഡൽനിർമാണം, ശാസ്ത്രക്വിസ് | ആദ്യ ടേം | ശാസ്ത്രാധ്യാപകർ | S M C , P T A, Rs 5000 |
| 7 | പ്രയാസമേറിയ ശാസ്ത്ര പാഠഭാഗങ്ങൾ മനസ്സിലാക്കാനുതകുന്ന വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ഭിന്നനിലവാരക്കാർക്കും ,ഭിന്നശേഷിക്കാർക്കും പ്രത്യേക വർക്ക്ഷീറ്റുകൾ നൽകുന്നു. | ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ | വിഷയസമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരതയുണർത്താനും | ശാസ്ത്ര ദിനാചരണങ്ങൾ, ശാസ്ത്ര പതിപ്പുകൾ, ചാർട്ടുകൾ തയ്യാറാക്കൽ, ശാസ്ത്ര പഠനയാത്രകൾ | യഥാസമയങ്ങളിൽ | | S M C, P T A, R M S A |
| 9 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽകൂട്ടാക്കി മാറ്റുന്നു | പ്രതിഭകൾക്ക് പ്രത്യക പരിശീലനം, ശാസ്ത്ര വിദഗ്ധരുടെ സാന്നിധ്യത്തിലുള്ള വർക്ക്ഷോപ്പുകൾ<br>സ്കോളർഷിപ്പ് S T S E പ്രത്യേക പരിശീലനം | രണ്ടാം ടേമിൽ | | S R G, Rs 10,000 |
| 10 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (I C T സാധ്യതകൾ) | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ, ആനിമേഷൻ സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ | എല്ലായ്പ്പോഴും | ശാസ്ത്രാധ്യാപകർ | IT LAB |

# സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്(കാപ്പാട്, പന്തലായനി കൊല്ലം) | ജൂൺ, ആഗസ്റ്റ് | രജിന, നവനീത് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 2 | ജനാധിപത്യം ,പൗരബോധം, മൂല്യബോധം വളർത്തുക | സ്കൂൾ പാർലമെന്റ്, ലോകജനസംഖ്യാദിനം പ്രസംഗം,പോസ്റ്റർ രചന | ജൂലായ് | ശ്രുതി, തുഷാര | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 3 | സാമൂഹ്യശാസ്ത്രത്തിർ പരീക്ഷണ- നിരീക്ഷണം വളർത്തുക | കാലാവസ്ഥാമാറ്റം, മേഘങ്ങൾ,മറ്റ് പ്രകൃതി പ്രതിഭാസങ്ങൾഎന്നിവ നിരീക്ഷിക്കൽ | അക്കാദമിക വർഷം | ഷൈനി, ലിജിത | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 4 | മതേതരത്വം, സഹിഷ്ണുത വളർത്തൽ, സാമൂഹ്യ പരിഷ്കർത്താക്കൾ, സ്വാതന്ത്ര്യ സമരസേനാനികൾ പരിചയപ്പെടുക | ഹിരോഷിമ- നാഗസാക്കി ദിനാചരണസന്ദേശം, സ്വാതന്ത്ര്യക്വിസ് | ആഗസ്റ്റ് | ഷോളി ,സിന്ധു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 | ഭൂപടവായന വായനകുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയംനടത്തുവാൻ പഠിക്കുക | വർക്ക്ഷോപ്പ് | സെപ്റ്റംബർ | ഷൈനി, ലിജിത | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 6 | മണ്ണ്, ജലാശയം, കാറ്റ്, സമുദ്രം, പർവതം എന്നിവയെല്ലാം പരിചയപ്പെടൽ | വീഡിയോശേഖരണം | അക്കാദമിക വർഷം | രജിന, നവനീത് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 7 | ദേശീയ അവബോധം, സാഹോദര്യം വളർത്തൽ | ഗാന്ധി - ക്വിസ് , യുഎൻ ദിനം- ഉപന്യാസരചന ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ സംഘടന വിജയിച്ചോ | ഒക്ടോബർ | ഷോളി, ശ്രുതി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8 | ചരിത്രാവബോധം, പൈതൃക സംരക്ഷണം | കേരളപിറവിദിനം, ക്വിസ് ശിശുദിനം | നവംബർ | തുഷാര | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 9 | അവകാശങ്ങളെക്കുറിച്ചുള്ള അവബോധം | മനുഷ്യാവകാശദിനം - കൊളാഷ് | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 10 | ജനാധിപത്യം, പൗരബോധം വളർത്തുക | ദേശീയസമ്മതിദാനാവകാശദിനം, റിപ്പബ്ലിക് ദിനം | ജനുവരി | സിന്ധു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

## ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ക്രിയാശേഷി കൈവരിക്കൽ | Pretest നടത്തി ലിസ്റ്റ് തയ്യാറാക്കൽ, Remedial teaching | ജൂൺ | അധ്യാപകർ | |
| 2 | കുട്ടികളിൽ ഗണിതകൗതുകത്തിനുള്ള അഭിരുചി വർദ്ധിപ്പിക്കൽ | പാസ്ക്കൽ ദിനാചരണം | ജൂൺ 19 | അധ്യാപകർ ഗണിതക്ലബ്ബ് | |
| 3 | ഗണിതാവബോധം വർദ്ധിപ്പിക്കൽ | ഗണിത ചത്വര നിർമ്മാണം, ഉദ്ഘാടനം | ജൂൺ അവസാനവാരം | അധ്യാപകർ ഗണിതക്ലബ്ബ് | നഗരസഭ, sponsorship |
| 4 | നിർമ്മിതകളിലെ ശേഷി കൈവരിക്കൽ | ശില്പശാല | ജുലായ് | അധ്യാപകർ, റിസോഴ്സ് ടീച്ചർ | P T A |
| 5 | ഗണിത മത്സരവേദിയിലേക്ക് കുട്ടികളെ സജ്ജരാക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ | ആഗസ്റ്റ്, സെപ്തംബർ | അധ്യാപകർ | ഗണിതക്ലബ്ബ് P T A |
| 6 | സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | എല്ലാമാസ വും | പഠനത്തിൽ മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ | |
| 7 | ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ | വർഷത്തിലൊന്ന് | അധ്യാപകർ, ഗണിതക്ലബ്ബ് | P T A |
| 8 | ഗണിതലാബ് | ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | തുടർപ്രവർത്തനം | അധ്യാപകർ, ഗണിതക്ലബ്ബ്, കുട്ടികൾ | |
| 9 | സർഗ്ഗവാസന വളർത്തൽ | ഗണിത പൂക്കളനിർമ്മാണം | സെപ്റ്റംബർ | ഗണിതക്ലബ്ബ് | |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു P T A മീറ്റിങ്ങ് നടത്തുന്നു | മാസംതോറും | അധ്യാപകർ, പ്രധാന അധ്യാപകർ, P TA പ്രസിഡന്റ് | |

## ആരോഗ്യവും കായിക വിദ്യഭ്യാസവും


| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മികച്ച കളിക്കാരെ കണ്ടെത്താനും മികവ് തെളിയിക്കാനും | സുബ്രതോ കപ്പ് ഫുട്ബോൾ ടീം സെലക്ഷനും ചെസ്സ് മത്സരവും , സെലക്ഷനും | ജൂൺ | കായിക അധ്യാപകൻ, രക്ഷിതാക്കൾ | P T A R s 25000 |
| 2 | കായിക മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കാൻ സ്കൂൾ, ഫുട്ബോൾ,ഹാൻഡ്ബോൾ, ഖോ ഖോ, അത്ലറ്റിക്സ് ടീമുകൾ രൂപീകരിക്കാൻ | അത്ലറ്റിക്സ് ഹാൻഡ്ബോൾ, ഖോഖോ കോർട്ടുകളുടെ നവീകരണം | ജുലായ് | കായിക അധ്യാപകൻ PTA | PTA, മുനിസിപ്പാലിറ്റി |
| 3 | കുട്ടികളിൽ മത്സരങ്ങളിൽ പങ്കെടുക്കാനും പരിശീലിക്കാനും ഉള്ള താല്പര്യം വളർത്തുക | സ്കൂൾ ഗെയിംസ് , കായികഇനങ്ങൾ എന്നിവയ്ക്കുള്ള ടീം തിരഞ്ഞെടുക്കാനുള്ള തയ്യാറെടുപ്പ് (സ്കൂൾ കായിക മേളകൾ) | ജുലായ് | കായിക അധ്യാപകൻ | PTA, മുനിസിപ്പാലിറ്റി R s 30000 |
| 4 | ഉപജില്ലാ മത്സരങ്ങൾക്ക് തയ്യാറെടുക്കാൻ | ഫുട്ബോൾ, അത്ലറ്റിക്സ് ഹാൻഡ്ബോൾ, ഖോ-ഖോ, സോഫ്റ്റ്ബോൾ എന്നിവയ്ക്കുള്ള പ്രത്യക പരിശീലനം | ആഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ, നവംബർ | കായിക അധ്യാപകൻ , PT A, സ്പോർട്സ് ക്ലബ്ബ് | P T A, മുനിസിപ്പാലിറ്റി R s 20,000 |
| 5 | അച്ചടക്കം കുട്ടികളിൽ വളർത്താനും ശാരീരിക മാനസിക സാമൂഹിക ആരോഗ്യം മെച്ചപ്പെടുത്താനും | ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും | | | |
| 6 | കായികതാരത്തിന്റെ കഠിനാധ്വാനം കുട്ടികളെ മനസ്സിലാക്കിക്കാനും കായികതാരങ്ങളുടെ ജീവിതാനുഭവങ്ങൾ മനസ്സിലാക്കാനും കുട്ടികളെ കായികരംഗത്തേക്ക്പ്രോത്സാഹിപ്പിക്കാനും | വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ട കളിക്കാരുമായോഒളിമ്പ്യൻമാരുമായോസംവദിക്ക ാൻ അവസരം ഒരുക്കുക | ഡിസംബർ | കായിക അധ്യാപകൻ PT A, സ്പോർട്സ് ക്ലബ്ബ് | P T A 30000 |
| 7 | കുട്ടികളിൽ അന്താരാഷ്ട്ട കളിക്കാരനാകാനുള്ള ആഗ്രഹം വളർത്തൽ | വിവിധ സംസ്ഥാനങ്ങളിലെ അന്താരാഷ്ട്ട സ്റ്റേഡിയങ്ങൾ സന്ദർശിച്ച് , ദേശീയ അന്തർദേശീയ മത്സരങ്ങൾ കാണുകയും കളികൾ മനസ്സിലാക്കാനും | ജനുവരി | കായിക അധ്യാപകൻ PT A, സ്പോർട്സ് ക്ലബ്ബ് | P T A, മുനിസിപ്പാലിറ്റി R s 2,00000 |
| 8 | അടുത്ത അക്കാദമിക് വർഷത്തിൽ മികച്ച കളിക്കാരനാകാനും മികച്ച ഫലം നേടാനും | വിവിധ ഗെയിമുകളിൽ ദേശീയ പരിശീലകരുടെ പ്രത്യേക പരിശീലനം | ഫെബ്രുവരി | കായിക അധ്യാപകൻ, സ്പോർട്സ് ക്ലബ്ബ് | P T A, മുനിസിപ്പാലിറ്റി R s 1,50000 |

# ആർട്ട്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കലാസാക്ഷരരായ പൊതുസമൂഹം സൃഷ്ടിക്കാൻ കുട്ടികളിൽ നൽകാവുന്ന കലാ പഠന സാധ്യതകൾ | 1 . ചിത്രകല ---- ആർട്ട് ക്ലബ്ബ് നിർമ്മാണം | | | പി ടി എ അധ്യാപകർ |
| | | ചിത്ര ശിൽപകലയിൽ തല്പരരായിട്ടുള്ള കുട്ടികൾക്ക് അധിക പരിശീലനം | | ART CLUB | |
| | | പാഠഭാഗങ്ങൾ സർഗ്ഗാത്മകമായി അവതരിപ്പിക്കുക | | | |
| | | സ്കൂളിലെ മറ്റു സാംസ്കാരിക പ്രവർത്തനങ്ങളിൽ ക്ലബ്ബിലെ കുട്ടികളെ ഉപയോഗപ്പെടുത്തുന്നു. | | | |
| | | 2. സംഗീതം | | | |
| | | എല്ലാ മാസവും കുട്ടികളുടെയും അധ്യാപകരുടെയും പിന്നണിയോടുകൂടിയഗാനമേള,നാടൻ വാദ്യോപകരണങ്ങളുടെ സഹായത്താൽ നാടൻ പാട്ട് അവതരണം. കർണാടക സംഗീതമേഖലയിലെ സംഗീതോപകരണങ്ങളുടെ പ്രദർശനം. | ആഴ്ചയിൽ ഒരിക്കൽ | ART CLUB | |
| | | 3. നൃത്തം - ഇന്ത്യയിലെ വിവിധ നൃത്തരൂപങ്ങളുടെ വീഡിയോ പ്രദർശനം / പാഠഭാഗങ്ങളിലെ കവിതകളുടെ നൃത്താവിഷ്കാരം .- ഗോത്ര, നാടോടിനൃത്തങ്ങളുടെ ആവിഷ്കാരം. | മാസത്തിൽ ഒരിക്കൽ | | |
| | | 4. നാടകം - പാഠപുസ്തകങ്ങളിലെ കഥകളുടെ നാടകാവിഷ്കാരം | | | |
| | | ടാബ്ലോ, ഏകാങ്കനാടകം എന്നിവയുടെ അവതരണം | | | |
| | | കേരളത്തിലെ പ്രശസ്ത നാടക ആചാര്യന്മാരുടെ പ്രദർശനം | | | |
| | | 5. സിനിമ - പാഠഭാഗങ്ങളിലെ കഥകളെ ആസ്പദമാക്കിയും മറ്റു വിഷയങ്ങൾ കൊടുത്തും തിരക്കഥ നിർമ്മാണം , | മാസത്തിൽ ഒരിക്കൽ | | |
| | | സ്ക്കൂൾ പരിമിതിക്കുള്ളിൽ നിന്നുള്ള ഷോർട്ട് ഫിലിം നിർമ്മാണം | | | |
| | | സിനിമാപ്രദർശനം | | | |
| 2 | ഫിലിം ഫെസ്റ്റിവൽ- ലോകസിനിമകൾ കുട്ടികളിലേയ്ക്ക് എത്തിക്കുവാൻ | മാസത്തിൽ ഒരിക്കൽ ലോകപ്രശസ്ത സിനിമകൾ / ഷോർട്ട് ഫിലിമുകൾ/ ഡോക്യുമെന്ററികൾ എന്നിവയുടെ പ്രദർശനം | എല്ലാ മാസവും | ART CLUB | |
| 3 | കുട്ടികളുടെ നാടകങ്ങൾ റേഡിയോ നാടകങ്ങൾ അവതരണം | അഭിനയശേഷിയുള്ള കുട്ടികളെ ഉപയോഗിച്ച് പ്രത്യേകതയുള്ള ദിവസങ്ങളിൽ നാടകങ്ങൾ, റേഡിയോ നാടകങ്ങൾ എന്നിവ അവതരിപ്പിക്കുക. | മാസത്തിൽ ഒരിക്കൽ | | |
| 4 | സ്വാതന്ത്ര്യ സമര ചരിത്രത്തെ രേഖപ്പെടുത്തുന്ന പ്രീഡം വാൾ | ഓഗസ്റ്റ്മാസത്തിൽ സ്കൂൾ പി ടിഎയുടെ സഹായത്തോടുകൂടി സ്കൂൾകോമ്പൗണ്ടിന്റെ ചുമരിൽ ആർട്ട് ക്ലബ്ബിലെ കുട്ടികളെ ഉപയോഗപ്പെടുത്തി സ്വാതന്ത്ര്യ സമരചരിത്രത്തെ രേഖപ്പെടുത്തുന്ന ഒരു ചിത്ര രചന ക്യാമ്പ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | ART CLUB/ SCHOOL | |
| 5 | പ്രിന്റ് മേക്കിംഗ് വർക്ക്ഷോപ്പ് | സ്കൂൾ പിടിഎയുടെ സഹായത്തോടെ ആർട്ട് ക്ലബ്ബ് അംഗങ്ങൾ ആയിട്ടുള്ള കുട്ടികൾക്കായി വുഡ് കട്ട്, വെജിറ്റബിൾ പ്രിന്റിഗ്, സൈനോടൈപ്പ്, മുതലായ പ്രിന്റിഗ് ടെക്നോളജികൾ വർക്ക് ഷോപ്പ് നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | ART CLUB | |
| 6 | ചിത്രകലയിൽ തൽപരരായ കുട്ടികളുടെ ഗ്രൂപ്പ് എക്സിബിഷൻ | ആർട്ട് ക്ലബ്ബ് അംഗങ്ങളായിട്ടുള്ള കുട്ടികളുടെ ഒരു വർഷം കൊണ്ട് വരച്ചിട്ടുള്ള ശിൽപങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ART CLUB | |
| 7 | വിവിധ കലാവിഷയത്തിലെ പ്രഗൽഭരായ കലാകാരൻമാരെ പരിചയപ്പെടുത്തൽ | ഓരോ മാസവും ജനിച്ചിട്ടുള്ള വിവിധ കലാകാരനമാരുടെ ജന്മദിനം അവരുടെ സൃഷ്ടികൾക്കനുസരിച്ച് ആഘോഷിക്കുന്നു. (ചിത്ര- ശിൽപകല, സിനിമ, നാടകം, സംഗീതം, നൃത്തം) | മാസത്തിൽ ഒരുതവണ | ART TEACHER | |
| 8 | കുട്ടികളിലെ കലാവിവേകം മെച്ചപ്പെടുത്തൽ | വിവിധ വിഷയങ്ങളുമായി കൈകോർത്ത് വിശേഷ ദിവസങ്ങളിൽ കലാപരമായ ഇടപെടലുകൾ നടത്തൽ ഉദാ: ചാന്ദ്രദിനം , ഹിരോഷിമാദിനം, ഗാന്ധിജയന്തി | മാസത്തിൽ ഒുതവണ | ART CLUB & OTHER CLUB | |

# ഇൻഫർമേഷൻ ടെക്നോളജി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇൻസ്റ്റലേഷൻ ഫെസ്റ്റ് | പുതിയ IT സോഫ്റ്റ് വെയർ കുട്ടികളുടെ ലാപ്പുകളിൽ സൗജന്യമായി ഇൻസ്റ്റാൾ ചെയ്തു നൽകുന്നു സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനിൽ പരിശീലനം നൽകുന്നു | ജൂൺ- ജൂലൈ | SITC,LK Master,Mistress, IT അധ്യാപകർ | |
| 2 | സൈബർ – എവെയർനസ് ക്യംപെയിൻ | ശരിയായ ഡിജിറ്റൽ ഉപയോഗം എങ്ങനെയാവണം എന്നതിലുള്ള ബോധവൽക്കരണം. | ജൂൺ | ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികൾ | |
| 3 | IT ഫെസ്റ്റ് | പോസ്റ്റർ ഡിസൈനിംഗ്, ആനിമേഷൻ തുടങ്ങിയവയുടെ മത്സരങ്ങൾ | സെപ്റ്റംബർ - ഒക്ലോബർ | ലിറ്റിൽ കൈറ്റ്സ്, അടൽ തിങ്കറിംഗ് ലാബ് വിദ്യാർത്ഥികൾ | |
| 4 | റോബോട്ടിക് ഫെസ്റ്റ്, ഐ ടി എക്സിബിഷൻ | ലിറ്റിൽ കൈറ്റ്സ്, അടൽ തിങ്കറിംഗ് ലാബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലുള്ള റോബോട്ടിക് ഫെസ്റ്റ്. | | | |
| 5 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ഐടി പരിശീലനം | BRC യുടെ പങ്കാളിത്തത്തോടെ തിരഞ്ഞെടുക്കപ്പെട്ട ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗത്തിനുള്ള പരിശീലനം. | ആഗസ്റ്റ്- ജനുവരി | ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികൾ | |
| 6 | അമ്മമാർക്കുള്ള ഐടി പരിശീലനം | | ആഗസ്റ്റ്- ജനുവരി | ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികൾ | |



# അക്കാദമിക മാസ്റ്റർ പ്ലാൻ

# യു പി വിഭാഗം

# യു പി സ്കൂൾ മാസ്റ്റർ പ്ലാൻ

## മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ് എല്ലാ കുട്ടികളിലും ഓരോ യൂണിറ്റിലുമുള്ള അടിസ്ഥാന പഠനനേട്ടങ്ങൾ ഉറപ്പിക്കാനായി വർക്ക് ഷീറ്റുകൾ വ്യക്തിഗതമായി നൽകുന്നു. മെന്ററുടെ സഹായത്തോടെ നിരന്തര വിലയിരുത്തൽ നടത്തുന്നു. പിന്തുണാ പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| 2 | പഠിതാവിന് അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| | സാഹിത്യ കൃതികളോടും സാഹിത്യ കാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ വായനാ ശീലവും ആസ്വാദന ശീലം, രചനാ വൈഭവം വളർത്തുന്നു. | സാഹിത്യകൃതികൾ വായിച്ച് രക്ഷിതാക്കളുടെ പിന്തുണയോടെ പഠിതാക്കൾ ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു, അവതരിപ്പിക്കുന്ന. പതിപ്പാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| 3 | | പത്ര വായനവികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം പത്ര ക്വിസ് നടത്തി വിജയികളെ തിരഞ്ഞെടുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| 4 | | ക്ലാസ് തലത്തിൽ ഓരോ ദിവസും ഓരോ കുട്ടി വീതം പുസ്തക പരിചയം നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| 5 | | പത്ര വായനവികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം പത്ര ക്വിസ് നടത്തി വിജയികളെ തിരഞ്ഞെടുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| 6 | | ക്ലാസ് തലത്തിൽ ഓരോ ദിവസും ഓരോ കുട്ടി വീതം പുസ്തക പരിചയം നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം അദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |

ENGLISH

| | AIM | ACTIVITIES | DURATION | DUTY | FINANCE |
|---|---|---|---|---|---|
| 1 | IMPROVE OVERALL ENGLISH LANGUAGE SKILLS | DEBATES AND ELOCUTION COMPETITIONS:- DEVELOPING PUBLIC SPEAKING SKILLS AND CONFIDENCE. | JULY- AUGUST | ENGLISH TEACHERS | |
| 2 | THIS INCLUDES LISTENING, SPEAKING, READING AND WRITING | CREATIVE WRITING WORKSHOPS--- ENCOURAGING IMAGINATIVE AND EXPRESSIVE WRITING | JULY TO AUGUST | | |
| 3 | FOSTER A LOVE FOR READING AND LEARNING: ENCOURAGING A POSITIVE ATTITUDE TOWARDS ENGLISH LANGUAGE AND LITERATURE | ENGLISH LANGUAGE CLUBS:- PROVIDING A PLATFORM FOR LANGUAGE PRACTICE AND INTERACTION. CONDUCTING DIFFERENT PROGRAMMES FOR ENRICHING STUDENT'S ENGLISH LANGUAGE | JUNE TO MARCH | | |
| 4 | | WORKSHEET :- PROVIDING WORKSHEETS INCLUDING LANGUAGE ELEMENTS, PREPOSITIONS, ARTICLES AND SOME VOCABULARY | JUNE TO FEBRUARY | | 5000 |

## ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 5,6,7,ക്ലാസുകളിൽ അക്ഷര ബോധം ഉറപ്പിക്കൽ | ഹിന്ദി പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങൾ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കൽ . അക്ഷരമാല, ചിത്രങ്ങൾ എന്നിവ പരിചയപ്പെടാൻ വീഡിയോ കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | സ്കൂൾ ഫണ്ട് R S 1000 |
| 2 | ഹിന്ദി വായന. തെറ്റില്ലാതെ ഹിന്ദിവായിക്കാനുള്ള ശ്രമം | തുടച്ചയായി ഹിന്ദി വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി എഴുതി കാണിക്കുന്ന വീഡിയോകൾ പരിചയപ്പെടുത്തൽ | ജുലായ് | ഹിന്ദി അധ്യാപകൻ | S S A ഫണ്ട് R s 2000 |
| 3 | ഹിന്ദി സംസാരിക്കൽ – നിത്യ ജീവിതത്തിൽ നിരന്തരം ആവശ്യം വരുന്ന ഹിന്ദി വാക്യങ്ങൾ പരിചയപ്പെടുത്തൽ | ഹിന്ദി അന്തരീക്ഷം ക്ലാസ്സിൽ സൃഷ്ടിക്കും. ഹിന്ദി മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടു വരും. ഹിന്ദിയിൽ സംസാരിക്കാൻ നിർദ്ദേശം നൽകും. തെറ്റില്ലാതെ വായിക്കാനുള്ള മത്സരം സംഘടിപ്പിക്കും. കുട്ടികൾ വായിക്കുമ്പോൾ വരുന്ന തെറ്റുകൾഅവർ തന്നെ കണ്ടെത്തും. | ആഗസ്ത് മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകൻ | സ്പോൺസർ ചെയ്യിക്കുന്നു. Rs 3000 |

## സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നു ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവ വൈവിധ്യ പാർക്ക്, ഔഷധ തോട്ടം , പച്ചക്കറി തോട്ടം, ശലഭോദ്യാനം ഉൾപ്പടുത്തിയിട്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് | |
| 2 | | കണ്ടറിയാനൊരു യാത്ര ---- വംശനാശന ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം. , കാവുകൾ സന്ദർശിക്കൽ | ജുലായ് | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| 3 | | പരീക്ഷണക്കളരി-- നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| 4 | ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | ശാസ്ത്ര ചുമർ – ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 5 | ശാസ്ത്ര ലൈബ്രറി | യുറേക്ക- കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 6 | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തൽ | വിസ്മയ യാത്ര- I C T യുടെ സഹായത്തോടെ ശാസത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്ര കാരൻമാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | | |
| 7 | ശാസ്ത്ര പ്രൊജക്ട് | ഗവേഷണ പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര പഠനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് ഉതകുന്ന വർക്ക്ഷീറ്റുകൾ നൽകുന്നു. | ജൂൺ ആദ്യവാരം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 2 | ചരിത്രാവബോധം വളർത്തിയെടുക്കൽ | I C T സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | ജൂൺ | | |
| 3 | ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുക്കാൻ അവസരം ലഭ്യമാക്കൽ | ജുലായ് | P T A | |
| 4 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കൽ | സാമൂഹ്യ സേവനത്തിനുള്ള അവസരം നൽകൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | P T A |
| 5 | സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് രൂപപ്പെടുത്തൽ | പരിസ്ഥിതി മലിനീകരണത്തിലേക്ക് നയിക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങളെ കുറിച്ച് റിപ്പോർട്ട് തയ്യാറാക്കൽ ഇതിനായി ഫീൽഡ് ട്രിപ്പ്, സർവേ എന്നിവ നടത്തൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | P T A |

# ഗണിതം

| | | | | | |
|---|---|---|---|---|---|
| 1 | അടിസ്ഥാനഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശിൽപ്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ( നമ്പർ കാർഡ് , മഞ്ചാടി , മുത്തുകൾ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, P T A |
| 2 | രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലനശേഷിയുടെ വികാസവും | ഒറിഗാമി ശിൽപ്പശാല – ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| 3 | ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ക്ലബ്ബിലെ അംഗങ്ങളും | |
| 4 | ഗണിതം മധുരമാക്കൽ | ഗണിതപാർക്ക്- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരുപ്രാവശ്യം | ഗണിത ക്ലബ്ബ് | |
| 5 | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം --- ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റു വിദ്യാലയങ്ങളിലും , മറ്റു മേഖലയിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 6 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ ടി സാധ്യതകളിലൂടെ ------ ജ്യാമിതീയ രൂപങ്ങൾ , ചതുഷ് ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്------- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം ----- ജൂൺ മുതൽ മാർച്ച് വരെ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S R G യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അത് സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S R G | |